**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2951** **03-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ ബോട്ട് സർവീസ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗതത്തെ വലിയ തോതിൽ ആശ്രയിക്കുന്ന കുട്ടനാട്ടിൽ കൂടുതൽ ബോട്ട് സർവീസുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (എ) | വകുപ്പിന്റെ വിവിധ സ്റ്റേഷനുകളിൽ നിന്നായി കുട്ടനാട് കേന്ദ്രീകരിച്ച് നിലവിൽ 22-ഓളം ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ടി ബോട്ടുകൾ ഉപയോഗിച്ച് ദിനംപ്രതി 110 ഓളം ടിപ്പുകൾ നടത്തുന്നുണ്ട്. യാത്രക്കാരുടെ ആവശ്യകത പരിശോധിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിലുള്ള മുഴുവൻ ബോട്ടുകളും ഫിറ്റ്നെസ് ഉറപ്പ വരുത്തി ജലഗതാഗതത്തിനു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്നത് കേരള ഇൻലാന്റ് വെസൽ റൂൾ 2010 പ്രകാരമാണ്. കേരള മാരിടൈം ബോർഡിൽ ഫീസടച്ച് സർവ്വേയർ സുരക്ഷ പരിശോധന നടത്തിയ ബോട്ടുകളാണ് വകുപ്പ് സർവ്വീസിനായി ഉപയോഗിക്കുന്നത്. |
| (സി) | ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ? | (സി) | സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ട ഭൗതിക സംവിധാനങ്ങൾ ഡോക്കിൽ ലഭ്യമാണ്. ഏഴ് ബോട്ടുകൾ ഒരേ സമയം കരയ്ക്ക് കയറ്റാനാകുന്ന സ്ലിപ് വേ, നാല് ബോട്ടുകൾ കയറ്റാനാകുന്ന ഡ്രൈഡോക്ക് എന്നിവ റിപ്പയർ വിഭാഗത്തിന് നിലവിൽ ഉണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ തേവരയിലും, പയ്യന്നൂർ മേഖലയിലെ അയിറ്റിയിലും റിപ്പയർ വിഭാഗം പ്രവർത്തിച്ചു വരുന്നു. ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ബോട്ടുകൾ റിപ്പയർ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ